LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ

180(5339) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് വാഹനങ്ങൾക്കായി സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ലൈസൻസിന്റെ ആവശ്യം ഇല്ല. കേന്ദ്ര ഊർജ്ജ മന്ത്രാലയം, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തുടങ്ങിയവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആർക്കും ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. വാഹനങ്ങൾക്ക് എളുപ്പത്തിൽ പ്രവേശിക്കുവാനും ബഹിർഗമിക്കുവാനുമുള്ള സൗകര്യം, ആവശ്യമായ സ്ഥലലഭ്യത, വൈദ്യുതി ലഭ്യമാക്കുവാനുള്ള സൗകര്യം എന്നിവയാണ് ചാർജിംഗ് സ്റ്റേഷനുള്ള സ്ഥലം നിർണ്ണയിക്കുവാനുള്ള പ്രാഥമിക വ്യവസ്ഥകൾ. 2019-ലെ ഗൈഡ് ലൈൻസ് അനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് വെഹിക്കിൾ സപ്ലൈ എക്വിപ്മെന്റ് (EVSE) അഥവാ ചാർജ്ജർ NABL അക്രഡിറ്റഡ് ആയ ലാബിലോ ഏജൻസിയിലോ ടെസ്റ്റ് ചെയ്തിരിക്കേണ്ടതാണ്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന ചാർജിംഗ് സ്റ്റേഷനുകൾക്ക് കെ.എസ്.ഇ.ആർ.സി.-യുടെ ചട്ടങ്ങൾക്കനുസൃതമായി കണക്ഷൻ ലഭ്യമാക്കാൻ വിതരണ ലൈസൻസിയെ സമീപിക്കേണ്ടതാണ്. അധികലോഡ് കൈകാര്യം ചെയ്യുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് വിതരണ ലൈസൻസിയാണ്. വാഹനം ഓടിക്കുന്ന ആൾക്ക് അടുത്തുള്ള ചാർജിംഗ് സ്റ്റേഷനുകളുടെ ലൊക്കേഷൻ, അവിടെ ലഭ്യമായ ചാർജറുകളുടെ കോൺഫിഗറേഷൻ, അവൈലബിലിറ്റി എന്നിവയെക്കുറിച്ച് അറിവ് ലഭിക്കുന്നതും സ്ലോട്ട് ബുക്ക് ചെയ്യുന്നതും ഒരു മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരമാണ്. ഇതിലേയ്ക്കായി ഉടമസ്ഥൻ ഒരു ഓൺലൈൻ നെറ്റ് വർക്ക് സർവ്വീസ് പ്രൊവൈഡറു (NSP)-മായി കൈ അപ്പ് ചെയ്യേണ്ടതുണ്ട്. ഇലക്ട്രിക് കാറുകൾക്കായി സ്വകാര്യ മേഖലയിൽ സോളാർ പവർ പ്ലാന്റ് ഉൾപ്പെടുത്തി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഈ വർഷം സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. കുറഞ്ഞത് 5 kWp മുതൽ 50 kWp വരെ സോളാർ പവർ പ്ലാന്റ് ഉൾപ്പെടുത്തി 50 kw ശേഷിയുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ഹോട്ടലുകൾ, മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവർക്ക് സോളാറിലേയ്ക്ക് മാറുന്നതിന് ചിലവാകുന്നതിന്റെ 50% തുക (Rs.

LIBRARY ARCHIVES Kerala Legislative Assembly

20,000/kw) സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നു. NH, MC മറ്റ് പ്രധാന റോഡുകളിൽ നിലവിൽ കുറഞ്ഞത് 4 കാർ പാർക്ക് ചെയ്യുന്നതിനും 3 ചാർജിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും സ്ഥലമുള്ളവരും, റിഫ്രഷ്മെന്റ് ഫെസിലിറ്റി, വാഷ്റൂം ഫെസിലിറ്റി തുടങ്ങിയ സംവിധാനവുമുള്ള സ്ഥലങ്ങളിൽ സോളാർ പവേർഡ് ചാർജിംഗ് സ്റ്റേഷനുകൾ ഒരുക്കാവുന്നതാണ്.

വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

181(5340) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ ?

(എ&ബി) കേരളത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 MW സ്ഥാപിത ശേഷിയുള്ള '10' ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.* കൂടാതെ പുതുതായി '11' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 114 MW അധിക സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധം (ii) ആയി ചേർത്തിരിക്കുന്നു.* ഇതിനുപുറമെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച് 780 MW സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ വാപ്കോസ് ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.